**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 443** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക റബ്ബറിനുണ്ടായ വിലത്തകർച്ച നേരിടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര വാണിജ്യ കരാറുകളുടെ ഫലമായി സ്വാഭാവിക റബ്ബറിനുണ്ടായ വിലത്തകർച്ച നേരിടുന്നതിന് കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ; | (എ) | WTO കരാറിലും മറ്റ് അന്താരാഷ്ട്ര വാണിജ്യ കരാറുകളിലും സംസ്ഥാനത്തെ റബ്ബർകൃഷിയെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ബഹു.കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിരുന്നു. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും പ്രസ്തുത കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എല്ലാ തരത്തിലുള്ള റബ്ബർ ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിരുന്നു. കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തികളിൽ റബ്ബർ വുഡ്ഡിന്റേയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും സ്വാഭാവിക |

| | | | |
|---|---|---|---|
| | | | റബ്ബർ ഇറക്കുമതിയ്ക്ക് നിലവിലുള്ള തുറമുഖ നിയന്ത്രണങ്ങൾ തുടരണമെന്നും ആവശ്യപ്പെട്ടു കൊണ്ടും കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു. |
| (ബി) | ഉല്പാദന ചെലവ് ശാസ്ത്രീയമായി നിർണയിച്ച് ഉല്പാദകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് അറിയിക്കുമോ; | (ബി) | റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വില സ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങു വില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/-രൂപയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാന സർക്കാർ 24.12.2022 തീയതിയിലെ D.O. No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. |
| (സി) | റബ്ബർ മേഖലയ്ക്ക് പ്രോത്സാഹനം ആവശ്യമില്ലെന്ന കാഴ്ചപ്പാട് നിതി ആയോഗ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കർഷകരുടെ ആശങ്ക കണക്കിലെടുത്ത് ഉല്പാദന ചെലവിനെക്കാൾ ഉയർന്ന വില ലഭിക്കാൻ സ്വാമിനാഥൻ കമ്മീഷൻ ശിപാർശ നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ റബ്ബർ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ നീതി ആയോഗ് കേന്ദ്ര സർക്കാരിൽ ശിപാർശ ലഭ്യമാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടതിൻപ്രകാരം റബ്ബർ ബോർഡിന്റെ പ്രവർത്തനം അസാനിപ്പിക്കുന്നതിന് നീതി ആയോഗ് എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് മാറ്റിനിർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 23.12.2022 തീയതിയിൽ D.O.No.Agri-890/Min/2022-Agri നമ്പർ കത്തയച്ചിരുന്നു. തുടർന്ന് റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന ശുപാർശകൾ നിലവിൽ ഇല്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. കേരളത്തിലെ റബ്ബർകൃഷിയുടെ ഉൽപ്പാദനച്ചെലവ് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, റബ്ബർ കർഷകരുടെ ആശങ്ക കണക്കി ലെടുത്ത് എം.എസ്.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരമുള്ള താങ്ങുവില റബ്ബറിന് നൽകുന്നത് സംബന്ധിച്ച കാര്യം നാഷണൽ റബ്ബർ പോളിസിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/-രൂപയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 24.12.2022 തീയതിയിലെ D.O. |

| | | | |
|---|---|---|---|
| | | | No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ